# ഭാഷാ ആസൂത്രണം

ഡോ.അന്നം സിനി എ.പി.
അസി.പ്രൊഫസർ
ലിറ്റിൽ ഫ്ലവർ കോളേജ്
ഗുരുവായൂർ

# ഭാഷാ ആസൂത്രണം.

- ഒരു രാഷ്ട്രീയ സംവിധാനത്തിനകത്ത് ഭാഷയെ സംബന്ധിച്ചുള്ള ഭരണകൂടനയത്തെ ഭാഷാ ആസൂത്രണം എന്നു വിളിക്കുന്നു.
- ഭരണത്തിലും വിദ്യാഭ്യാസത്തിലും കോടതിയിലും മറ്റും ഭാഷ എങ്ങനെയാണ് ഉപയോഗിക്കപ്പെടുന്നത് എന്നതും അതിനുള്ള നിയമ സംവിധാനം എന്തെല്ലാമാണെന്നതും ഭാഷാസൂത്രണത്തിൽ വരുന്നു.
- ഭീഷണി നേരിടുന്ന ഭാഷകളെ സംരക്ഷിക്കലും ഭാഷാസൂത്രണം വഴി സാധിക്കുന്നു.
- വിദ്യാഭ്യാസ തൊഴിൽ മേഖലയിലെ ഇംഗ്ലീഷിൻ്റെ മേൽക്കോയ്മ വന്ന സാഹചര്യത്തിലാണ് ഭാഷാസൂത്രണത്തിൻ്റെ ആവശ്യകത വരുന്നത്.

# ഭാഷാസൂത്രണം എന്തിന്?

- ഇംഗ്ലീഷ് പഠനം ഭാരതീയരെ അറിവിൻ്റെ കൂടാരമാക്കി ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്തി എന്ന മിഥ്യാധാരണയെ തിരുത്തുക
- ശാസ്ത്രരംഗത്തോ ഗവേഷണ രംഗത്തോ ഭാരതീയ ഭാഷകൾ അനുയോജ്യമല്ലെന്ന ധാരണയെ തിരുത്തുക.
- ലോകത്തിലെ മറ്റു പല ഭാഷകളും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും അന്തർദേശീയ വേദികളിലും സൈബർ ലോകത്തിലും മാതൃഭാഷ ഉപയോഗിക്കുന്നുണ്ട്.
- അത്തരം രാജ്യങ്ങൾക്ക് മറ്റുള്ളവയെക്കാൾ സാമ്പത്തിക വളർച്ചയുണ്ട്.
- അല്ലാത്ത ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ ദരിദ്രരും വിദ്യാഭ്യാസ വളർച്ച മുരടിച്ച ഒരു ജനതയെ വാർത്തെടുക്കുന്നു

# ഭാഷാശ്രേണികൾ- കെ.സേതുരാമൻ

1. മൂന്നാം ലോകരാജ്യങ്ങളിൽ ഭാഷാ ശ്രേണി സാമൂഹിക രാഷ്ട്രീയ വിദ്യാഭ്യാസ സാമ്പത്തിക ജീവിതത്തിനെ സ്വാധീനിക്കുന്നു.
2. ഭാരതീയ ഭാഷകളെ അധിനിവേശ ഭാഷ വലയം ചെയ്തിരിക്കുന്നു
3. ഉദ്യോഗസ്ഥ തിരഞ്ഞെടുപ്പ് ,ഉന്നത വിദ്യാഭ്യാസ രംഗം;ഭരണരംഗം അധിനിവേശ ഭാഷയാണ്.
4. ഇന്ത്യയിൽ ഭാഷാപരമായ വർണ്ണവിവേചനം എല്ലാ മേഖലയിലും ഉണ്ട്.

- തൊഴിൽ മേഖല---സിവിൽ സർവ്വീസ് മേഖല
- ഔപചാരിക സമ്മേളനങ്ങൾ
- ബിസിനസ് രംഗം
- വിദ്യാഭ്യാസം

ഭാഷാ ശ്രേണി വിദ്യാഭ്യാസത്തിലൂടെ പ്രവർത്തിച്ച് സാമ്പത്തിക നില ഭരണപരമായ ശക്തി, സാമൂഹിക സാഹചര്യം എന്നിവയെ വാർത്തെടുക്കുന്നു.

# • ഇന്ത്യ അധിനിവേശവലയിൽ

1. ഇന്ത്യ നാശോന്മുഖമായ സ്ഥിതിയിലാണ് – അമേരിക്ക
2. കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും ഇംഗ്ലീഷാണ് മാധ്യമം
3. ഇംഗ്ലീഷ് പ്രമാണിമാർ ഈ മേഖല കയ്യടക്കുന്നു.
4. ഇത് സമ്പദ്ഘടനയെ സ്വാധീനിക്കുന്നു.
5. ജാതി സമ്പ്രദായം പോലെ ഒരു വലിയ ജനവിഭാഗത്തെ ഇത് പിന്നാക്കാവസ്ഥയിലാക്കുന്നു.
6. വിദ്യാഭ്യാസ മേഖലയിൽ ജാതി മത തരംതിരിവ് കൂട്ടുന്നു.

- വിദ്യാഭ്യാസ അസമത്വം സാമൂഹിക സാമ്പത്തിക അസമത്വം ഉണ്ടാക്കുന്നു.
- നോബൽ സമ്മാന ജേതാവ് ഗുന്നാർമിർദൽ - Asian Drama – An Enquiry in to the Poverty of Nations- വിദ്യാഭ്യാസ അസമത്വം ദാരിദ്ര്യം സൃഷ്ടിക്കുന്നു.
- മഹലനോബിസ്- ഇന്ത്യൻ ആസൂത്രണത്തിൻ്റെ പിതാവ് –സാമൂഹികവും സാമ്പത്തികവുമായ സമത്വത്തിന് വിദ്യാഭ്യാസ നിയന്ത്രണം പ്രധാന ഘടകമാണ്.
- ജെന്നിഫർ എം.ബെയർ - എലൈറ്റ് ക്ലോഷർ ഇന്ത്യക്കും ബാധകമാണ്
- കരോൾ മെയേഴ്സ് സ്കോട്ടൺ - ആഫ്രിക്ക ഇംഗ്ലീഷ് കൊണ്ടുവന്ന എലൈറ്റ് ക്ലോഷറിനെ അതിജീവിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലീഷിൻ്റെ ഉപയോഗം അതിർത്തികൾ നിലനിർത്തുവാൻ അധിനിവേശ ശക്തികൾ കൈകൊണ്ട സൂത്രപ്പണിയായിരുന്നു ............. ഇന്ത്യയുടെ ആത്മാവിൽ ഇതേ തരത്തിലുള്ള ചിലത് ഇംഗ്ലീഷ് ചെയ്തു.

- ഇംഗ്ലീഷ് അറിയുന്നവർ ഇവിടെ കുറവായതിനാൽ കാര്യമായ മത്സരമില്ലാതെ ഇംഗ്ലീഷ് പ്രമാണിമാർ കാര്യം നേടുന്നു. ഇംഗ്ലീഷ് സ്കൂളിൽ പഠിച്ച അവരുടെ സന്തതിപരമ്പരകൾക്ക് സർക്കാർ തീരുമാനം അനുകൂലമാകുന്നു.
- പൊതുമുതൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സർവ്വകലാശാല മുതലായ സ്ഥാപനങ്ങളിലും ഇംഗ്ലീഷ് പ്രാവീണ്യമുള്ളവർ കയറിപ്പറ്റുന്നു.
- ഉയർന്ന വിദ്യാഭ്യാസം നേടിയവർ ആംഗലേയ രാജ്യങ്ങളായ അമേരിക്ക, ആസ്ട്രേലിയ ,ബ്രിട്ടൺ, ന്യൂസിലാൻ്റ് എന്നിവിടങ്ങളിലേക്ക് കുടിയേറി പാർക്കുന്നു.

- താരിഖ് റഹ്മാൻ - ജപ്പാനും കൊറിയയും ആധുനിക വത്ക്കരണം നടത്തിയത് അവരുടെ നാടൻ ഭാഷകളിലാണെങ്കിലും അത്തരം വസ്തുതകൾ പാശ്ചാത്യ പ്രമാണിമാർ അവരുടെ സ്വന്തം താല്പര്യത്തിനു വേണ്ടി താമസക്കരിക്കുന്നു.
- ഇംഗ്ലീഷിൻ്റെ മേധാവിത്വം പറഞ്ഞത് ഭാരതീയ ഭാഷകളെ തമ്മിലടിപ്പിച്ച് പ്രമാണിമാർ ഭരിക്കുന്നു.
- അതിനെ വെല്ലുവിളിക്കുന്ന ജനാധിപത്യ  ശ്രമങ്ങളെ അപ്രായോഗികമെന്ന് പറഞ്ഞ് അടിച്ചമർത്തുന്നു
- അധികാരം നിലനിർത്തുന്നതിന് കെട്ടുകഥകളും കള്ള ന്യായങ്ങളും സൃഷ്ടിക്കുന്നു.

# വരേണ്യവർഗ്ഗത്തിൻ്റെ വാദഗതികളിലെ മൂഢത്വത്തിൻ്റെ വിരോധാഭാസങ്ങൾ

1. കാലഘട്ടത്തിൻ്റെ വിരോധാഭാസം
2. ആശയ പ്രകടനത്തിലെ വിരോധാഭാസം
3. വർഗ്ഗത്തിൻ്റെ വിരോധാഭാസം
4. മാധ്യമ വിരോധാഭാസം
5. ലിപിയിലെ വിരോധാഭാസം
6. ചെലവിൻ്റെ വിരോധാഭാസം
7. ജനാധിപത്യത്തിൻ്റെ വിരോധാഭാസം
8. ആഗോള ഭാഷാ വിരോധാഭാസം
9. അറിവിൻ്റെ വിരോധാഭാസം

- സങ്കല്പങ്ങളുടെ പുനരവലോകനം
- അധിനിവേശ പാരമ്പര്യം നിലനിർത്തിയവർ നവ അധിനിവേശത്തിൻ്റെ പിടിയിലാണ്.
- നവ അധിനിവേശത്വം

1. സാമ്രാജ്യത്വം രണ്ട് തട്ടുകളിൽ_ ഗാൽ ദുണ്ട്
2. ശക്തിയുള്ള രാജ്യങ്ങൾ മധ്യത്തിലും അവയാൽ നിയന്ത്രിക്കപ്പെടുന്നവ ചുറ്റിലും

- ഭാഷാ സാമ്രാജ്യത്വത്തെ സംബന്ധിച്ച് അധിനിവേശം മൂന്നു തരത്തിൽ
- അധിനിവേശം
- നവ അധിനിവേശം
- നവനവ അധിനിവേശം

- ലിംഗ്വിസം

ഒരു വ്യക്തി മറ്റൊരാളുടെ സമ്പത്ത്, വിദ്യാഭ്യാസം, സാമൂഹിക നില, സ്വഭാവം എന്നിവ വിലയിരുത്തിയാണ് ഒരു ഭാഷ പഠനവിഷയമായി തിരഞ്ഞെടുക്കുന്നതും അത് ഉപയോഗിക്കുന്നതും.

## ഭാഷാ സാമ്രാജ്യത്വം

ബോയ് ലി മൂന്ന് ഘട്ടമായി ഭാഷാ സാമ്രാജ്യത്വത്തെ വിവക്ഷിക്കുന്നു.

1. നിർബ്ബന്ധമോ പ്രേരണയോ വഴി അധിനിവേശക്കാർ അവരുടെ ഭാഷ അടിച്ചേല്പിക്കുന്നു.
2. അനുരൂപഘട്ടം
3. ആശയപരമായ പ്രേരണ വഴിയുള്ള ശുദ്ധ നിയന്ത്രണം.

- ഭാഷാ സാമാജ്യത്വം –മെക്കാളെ മാർഗ്ഗദർശി
- ഇന്ത്യൻ ഭാഷകളെ ഒഴിവാക്കി ഇംഗ്ലീഷിനെ സ്വീകരിക്കുന്നു.- ഇംഗ്ലീഷാണ് ശ്രേഷ്ഠം
- തദ്ദേശ ഭാഷകൾ തരം താഴ്ന്ന താണെന്ന സിദ്ധാന്തം
- ഭരണ വർഗ്ഗത്തിൻ്റെ ഭാഗമാകാൻ ഇംഗ്ലീഷിലുള്ള അറിവും അധിനിവേശ പെരുമാറ്റ രീതിയും അനിവാര്യമാണ്.

# നന്ദി